# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3472      20.06.2019 ൽ മറുപടിയ്ക്ക്

## ഇ - ഓഫീസ് സംവിധാനം

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിലെ ഫയൽ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയത് എന്നാണെന്ന് അറിയിക്കാമോ; | (എ) | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് 2013 ൽ പുറപ്പെടുവിക്കുകയും 2014 ഫെബ്രുവരി മാസത്തിൽ ധനകാര്യവകുപ്പിൽ ആദ്യഘട്ടമായി ഇ-ഓഫീസ് നടപ്പിലാക്കുകയും ചെയ്തു. ഇതിന് ശേഷം ഘട്ടം ഘട്ടമായി സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകളിലും കളക്ടേറ്റുകളിലും ചില ഡയറക്ടറേറ്റുകൾ / കമ്മീഷണറേറ്റുകളിലും മറ്റ് ചില ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനായി കരാറിലേർപ്പെട്ടത് ഏത് കമ്പനിയാണെന്നും പ്രാഥമിക കരാർ പ്രകാരം പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ആവശ്യമായ തുക എത്രയായിരുന്നെന്നും വ്യക്തമാക്കുമോ; | (ബി) | നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേനയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയത്. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, സെർവർ എന്നിവ വാങ്ങുന്നതിലേക്കായി പ്രാഥമികമായി 2,25,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. |
| (സി) | പ്രസ്തുത സംവിധാനം നടപ്പിലാക്കിയതിനു ശേഷം സോഫ്റ്റ്‌വെയർ വികസിപ്പിക്കാനും കരാർ ജീവനക്കാരുടെ ശമ്പളത്തിനും ജീവനക്കാർക്ക് പരിശീലനം നൽകാനുമായി ചെലവഴിച്ച തുക ഇനം തിരിച്ച് അറിയിക്കാമോ; | (സി) | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിനു ശേഷം സോഫ്റ്റ്‌വെയർ വികസിപ്പിക്കാനും കരാർ ജീവനക്കാരുടെ ശമ്പളത്തിനും ജീവനക്കാർക്ക് പരിശീലനം നൽകാനുമായി NIC യ്ക്ക് നൽകിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>▪ കരാർ ജീവനക്കാരുടെ ശമ്പളം - 7,28,95,693/-<br>▪ സോഫ്റ്റ് വെയർ വികസിപ്പിച്ചതിനും പരിപാലനത്തിനും - 2,77,30,029/-<br>▪ ആകെ – 10,06,25,722/- രൂപ |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സംവിധാനത്തിന്റെ തുടർന്നുള്ള ഉപയോഗത്തിന് ഇനിയും സാമ്പത്തിക ചെലവ് വരുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇ-ഓഫീസിന്റെ പരിപാലനത്തിനായി (സെർവർ മാനേജ്മെന്റ്, ഡാറ്റാ ബേസ് മാനേജ്മെന്റ്, ട്രെയിനിംഗ് തുടങ്ങിയവ) നിയോഗിച്ചിരിക്കുന്ന കരാർ ജീവനക്കാരുടെ ശമ്പളയിനത്തിൽ ഓരോ വർഷവും 2 കോടിയോളം രൂപ NIC യ്ക്ക് കൈമാറുന്നുണ്ട്. പ്രസ്തുത സാമ്പത്തിക ചെലവ് തുടർന്നും വഹിക്കേണ്ടതായിട്ടുണ്ട്. |

Saju

**സെക്ഷൻ ഓഫീസർ**